## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

### പ്രവചന കാലയളവ് 05 .11.2022 മുതൽ 09.11.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2022,(88) വെള്ളിയാഴ്ച | തീയ്യതി 04/11/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 05.11.2022 | 06.11.2022 | 07.11.2022 | 08.11.2022 | 09.11.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 11 | 5 | 2 | 3 | 1 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 7 | 6 | 8 | 7 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ മഴയ്ക്കും ഒറ്റപെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപെട്ട മഴയ്ക്കും സാധ്യത. . കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 നവംബർ 05 | 2022 നവംബർ 06 | 2022 നവംബർ 07 | 2022 നവംബർ 08 | 2022 നവംബർ 09 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | കൊയ്ത്തു സമയം | പൊക്കാളി കൃഷി കൊയ്ത്ത് പരുവത്തിലാണ് |
| നെല്ല് | പോള രോഗം | വെള്ളം വറ്റിച്ച ശേഷം ഹെക്സകൊണസോൾ 5 ഇ.സി. 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളി രോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോ മിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക |
| തെങ്ങ് | പരിപാലനം | മണ്ട വൃത്തിയാക്കിയ ശേഷം കൃഷിയിടം വൃത്തിയാക്കി ചപ്പുചവറുകൾ തീയിട്ടു പുകയ്ക്കുക. നനയുള്ള തെങ്ങുകൾക്ക് നാലിലൊന്നു ഭാഗം രാസവളം കൊടുക്കുക. തടങ്ങളിൽ പുതയിട്ടു കൊടുക്കാം |